12767
1/12/14

കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ അംഗങ്ങളായുള്ള സ്വാശ്രയ സംഘങ്ങൾക്കും വനിതാ സ്വാശ്രയ സംഘങ്ങൾക്കും ധനസഹായം നൽകുന്നതിന് മാർഗ്ഗരേഖ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്

സ.ഉ.(കൈ) നം.86/2014/പജപവവിവ തീയതി, തിരുവനന്തപുരം, 20/11/2014

=====================================================================

**പരാമർശം:** -(1) 2013-14 വർഷത്തെ ബഡ്ജറ്റ് പ്രസംഗം ഖണ്ഡിക 334, 335.
(2) 10/01/2014- ലെ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ പി1-2584/13 നമ്പർ കത്ത്.

## ഉത്തരവ്

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ അംഗങ്ങളായിട്ടുള്ള സ്വാശ്രയ സംഘങ്ങളുടെയും വനിതാ സ്വാശ്രായ സംഘങ്ങളുടെയും ആഭിമുഖ്യത്തിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള താഴെപ്പറയുന്ന രണ്ട് പദ്ധതികൾ ആരംഭിക്കുന്നതാണെന്ന് 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു.

1. "പത്തോ അതിൽ കൂടുതലോ പട്ടികസമുദായാംഗങ്ങൾ ചേർന്നു രൂപീകരിക്കുന്ന സ്വാശ്രയ സംഘങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം നൽകും".

2. " 80 ശതമാനമോ അതിനുമുകളിലോ പട്ടികജാതിക്കാർ അംഗങ്ങളായുള്ള വനിതാ സ്വാശ്രയ സംഘങ്ങൾക്ക് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുവാനുള്ള സാമ്പത്തിക സഹായം നൽകും"

അതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ അംഗങ്ങളായിട്ടുള്ള സ്വാശ്രയ സംഘങ്ങളുടെയും വനിതാ സ്വാശ്രായ സംഘങ്ങളുടെയും ആഭിമുഖ്യത്തിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയുടെ മാർഗ്ഗരേഖ ചുവടെ ചേർക്കും പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്ന പത്തോ അതിലധികമോ വ്യക്തികൾ അംഗങ്ങളായിട്ടുള്ള സ്വയം സഹായം സംഘങ്ങൾക്ക് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും.

2) പരമാവധി 15 ലക്ഷം രൂപ വരെ മുതൽ മുടക്കുള്ള പ്രോജക്ടുകളായിരിക്കും ഈ പദ്ധതിക്കായി പരിഗണിക്കുന്നത്.

3) ഇതിനായി സമർപ്പിക്കപ്പെടുന്ന പ്രോജക്ടുകൾ ആധാർ ലിങ്ക് ബാങ്ക് അക്കൗണ്ടുകളുമായി ബന്ധപ്പെടുത്തിയിരിക്കേണ്ടതാണ്. അംഗീകരിക്കപ്പെടുന്ന പ്രോജകളുടെ 75% തുക (പരമാവധി 10 ലക്ഷം രൂപ) രണ്ടു ഗഡുക്കളായി ബന്ധപ്പെട്ട സ്വയം സഹായ സംഘങ്ങൾക്ക് ബാങ്ക് അക്കൗണ്ടിലൂടെ അനുവദിച്ചു നൽകുന്നതാണ്.

4) അംഗീകരിക്കപ്പെടുന്ന പ്രോജക്ടുകളുടെ മുതൽ മുടക്കിന്റെ 25% വരുന്ന തുക ഗുണഭോക്താക്കൾ സ്വന്തം നിലയിൽ കണ്ടെത്തുകയോ ബാങ്ക് ലോൺ മുഖേന സ്വരൂപിക്കുകയയോ ചെയ്യേണ്ടതാണ്.

5) ജില്ലാ തലത്തിൽ, പ്രൊജക്ടുമായി ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിച്ചു സമർപ്പിക്കുന്ന പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർ/അസിസ്റ്റന്റ് പട്ടികജാതി വികസന ഓഫീസർ നൽകുന്ന ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രോജക്ടുകൾ പരിഗണിക്കുന്നത്.
ടി പ്രൊജക്ട് പട്ടികജാതി ജനവിഭാഗങ്ങൾക്ക് എപ്രകാരം പ്രയോജനപ്രദമാകുമെന്നും, ടി പ്രോജക്ടിന്റെ വിജയസാധ്യതയും മേൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റിൽ നിർബന്ധമായും ഉൾക്കൊള്ളിച്ചിരിക്കേണ്ടതാണ്.

6) പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ അനുമതിപത്രങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/വകുപ്പുകളിൽ നിന്ന് ഗുണഭോക്താക്കൾ തന്നെ ലഭ്യമാക്കേണ്ടതാണ്.

7) പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ ഓഫീസ്/കെട്ടിട സൗകര്യം സ്വന്തം നിലയിലോ വാടകയ്ക്കോ ലഭ്യമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

8) അഞ്ചു ലക്ഷം രൂപ വരെ മുതൽ മുടക്കുള്ള പ്രോജക്ടുകൾക്കുള്ള ധനസഹായം ഒറ്റത്തവണയായും അതിനു മുകളിൽ വരുന്ന പ്രോജക്ടുകൾക്കുള്ള ധനസഹായം രണ്ടു ഗഡുക്കളായും ബാങ്ക് അക്കൗണ്ട് മുഖേന നൽകുന്നതാണ്.

9) ഏറ്റവും കുറഞ്ഞത് ഒരു വർഷത്തെ പ്രവർത്തി പരിചയമുള്ള സ്വാശ്രയ സംഘങ്ങളുടെ പ്രോജക്ടുകൾ മാത്രമെ പരിഗണിക്കുകയുള്ളു.

10) പദ്ധതിക്ക് അംഗീകാരം നൽകിക്കഴിഞ്ഞാൽ പരമാവധി മൂന്നു മാസത്തിനകം പ്രവർത്തനം ആരംഭിക്കേണ്ടതാണ്. സ്വാശ്രയ സംഘങ്ങൾ ഇതിനായി ജില്ലാ പട്ടികജാതി ഓഫീസറുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

11) നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവർത്തനം ആരംഭിക്കാത്ത സ്വാശ്രയ സംഘങ്ങൾക്ക് നൽകിയ ധനസഹായം ബന്ധപ്പെട്ടവരിൽ നിന്ന് ഉടൻ തന്നെ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ സ്വീകരിക്കേണ്ടതാണ്. പ്രോജക്ടിന്റെ 25% തുക ബാങ്ക് ലോണായി ലഭിച്ചിട്ടുണ്ടെന്ന കാര്യം വകുപ്പ് തലത്തിൽ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

12) സ്വാശ്രയ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന സാധന സാമഗ്രികൾക്കുള്ള വിപണി സംഘങ്ങൾ സ്വന്തം നിലയിൽ കണ്ടെത്തേണ്ടതാണ്.

13) നടപ്പ് വർഷം പരമാവധി 100 സ്വാശ്രയ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതാണ്.

14) മോണിറ്ററിംഗ് : ജില്ലാ പട്ടികജാതി വികസന ഓഫീസറും, പ്രോജക്ടുമായി ബന്ധപ്പെട്ട വകുപ്പ് / ഏജൻസി ( കൃഷി, വ്യവസായം മുതലായവ ) യുടെ ജില്ലാതല ഓഫീസറും നിശ്ചിത ഇടവേളകളിൽ സംയുക്തമായി പരിശോധന നടത്തി, പ്രോജക്ടിന്റെ പുരോഗതി റിപ്പോർട്ടുകൾ പട്ടികജാതി വികസന ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതാണ്. പ്രോജക്ടിന് അംഗീകാരം ലഭിച്ച് ആദ്യ ഗഡു വിതരണം ചെയ്ത് മൂന്ന് മാസത്തിനകം ആദ്യ റിപ്പോർട്ട്, രണ്ടാം ഗഡു വിതരണം ചെയ്യുന്നതിനു മുമ്പ് രണ്ടാമത്തെ റിപ്പോർട്ട്, ഒരു വർഷം പൂർത്തിയാകുമ്പോൾ മൂന്നാമത്തെ റിപ്പോർട്ട്, രണ്ടാം വർഷം പൂർത്തിയാകുമ്പോൾ നാലാമത്തെ റിപ്പോർട്ട് എന്നിവയായിരിക്കും റിപ്പോർട്ടുകൾ നൽകേണ്ട സമയക്രമം. കൂടാതെ ഈ പദ്ധതിയിൻ കീഴിൽ അനുവദിക്കപ്പെടുന്ന പ്രോജക്ടുകളുടെ പ്രവർത്തനം സംബന്ധിച്ച ഒരു സമാഹൃത റിപ്പോർട്ട് 2015 മാർച്ച് 30, 2015 ഡിസംബർ 30 എന്നീ തീയതികൾക്കകം പട്ടികജാതി വികസന ഡയറക്ടർ സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

ടി പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ 2225-01-102-96 (പദ്ധതി) എന്ന ശീർഷകത്തിൽ നിന്ന് വഹിക്കാവുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ഡോ.ആഷാ തോമസ്,**
**പ്രിൻസിപ്പൽ സെക്രട്ടറി.**

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എസ്&ജി സെക്ടർ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഇ&ആർ സെക്ടർ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ചീഫ്, വികേന്ദ്രീകൃത ആസൂത്രണ വിഭാഗം, ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഐ & പിആർഡി. തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**പകർപ്പ് :-** പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പട്ടികജാതി വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

പട്ടികജാതി വികസന വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്.

**ഉത്തരവിൻ പ്രകാരം**

Sali K.J

**സെക്ഷൻ ഓഫീസർ**